പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4220** — **03.02.2014** ൽ മറുപടിക്ക്

കുട്ടനാട്ടിൽ കെ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ബോട്ട് ജെട്ടികൾ

| | ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2013-14 സാമ്പത്തിക വർഷത്തിൽ കൂട്ടനാട്ടിൽ കെ.ഡി. എഫ്.. സ്കീമിൽ ഉൾപ്പെടുത്തി താത്ക്കാലിക ബോട്ട്ജെട്ടികൾക്ക് പകരം കോൺക്രീറ്റ് ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് എത്ര നിർമ്മാണ പ്രവൃത്തികൾക്ക് അപേക്ഷ സമർപ്പിച്ചുവെന്ന് വിശദമാക്കുമോ; | (എ) | 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ കെ.ഡി.എസ്. സ്കീമിൽ ഉൾപ്പെടുത്തി താത്കാലിക ബോട്ട് ജെട്ടികൾക്ക് പകരം കോൺക്രീറ്റ് ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന നിർമ്മാണ പ്രവൃത്തികൾക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്.<br><br>ബോട്ട്ജെട്ടികളുടെ ആധുനികവൽക്കരണം<br><br>1. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ നെഹ്റു ട്രോഫി വാർഡിൽ കാവുങ്കൽ ജെട്ടിയിൽ 'C' ടൈപ്പ് R.C.C. ജെട്ടിയുടെ നിർമ്മാണം - 8 ലക്ഷം.<br><br>2. കുട്ടനാട് നിയോജകമണ്ഡലത്തിൽ പുളിങ്കുന്ന് പഞ്ചായത്തിൽ ഒന്നാം വാർഡിലെ ടി. കെ. ജെട്ടിയിൽ 'സി' ടൈപ്പ് R.C.C. ജെട്ടിയുടെ നിർമ്മാണം - 15 ലക്ഷം.<br><br>3. കുട്ടനാട് നിയോജക മണ്ഡലത്തിൽ ചമ്പക്കുളം പഞ്ചായത്തിൽ നാലാം വാർഡിലെ പുള്ളൻകടിയിൽ 'സി' ടൈപ്പ് R.C.C. ജെട്ടിയുടെ നിർമ്മാണം - 15 ലക്ഷം. |
| (ബി) | പ്രസ്തുത അപേക്ഷകളിൻമേൽ എത്ര ബോട്ടുജെട്ടികൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ? | (ബി) | മേൽപ്പറഞ്ഞവയിൽ ആദ്യത്തെ പ്രവർത്തിക്ക് 8 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ